©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ശനി
Thiruvananthapuram,
Saturday

2026 മാർച്ച് 21
21st March 2026
1201 മീനം 7
7th Meenam 1201
1947 ഫാൽഗുനം 30
30th Phalguna 1947

നമ്പർ
No.
1305

കേരള സർക്കാർ

വ്യവസായ (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 15/2026/വ്യവ. *തിരുവനന്തപുരം, 2026 മാർച്ച്, 7*
1201 കുംഭം, 23
1947 ഫാൽഗുനം, 16.

എസ്. ആർ. ഒ. നമ്പർ 441/2026

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റിന്റെ (2000-ലെ 5) 26-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട്, 2000 മേയ് 12-ാം തീയതിയിലെ സ.ഉ. (അച്ചടി) 69/2000/വ്യവ. നമ്പരായി പുറപ്പെടുവിച്ചതും 2000 മേയ് 15-ാം തീയതിയിലെ 881-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

400/2000 ആയി പ്രസിദ്ധീകരിച്ചതുമായ 2000-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിനായി, കേരള സർക്കാർ, ഇതിനാൽ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2026-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2000-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ചട്ടങ്ങളിൽ,—

(1) 5-ാം ചട്ടത്തിൽ,

(എ) “സർവ്വീസ് ചാർജ്ജുകൾ ഉൾപ്പെടെ” എന്ന വാക്കുകൾക്ക് പകരം “സർവീസ് ചാർജ്ജും ആക്റ്റിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ഫീസും ഉൾപ്പെടെ” എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) “സംയുക്ത അപേക്ഷഫാറം സമർപ്പിക്കുവാൻ” എന്ന വാക്കുകൾക്ക് പകരം “സംയുക്ത/പൊതുവായ അപേക്ഷ സമർപ്പിക്കുവാനോ സർവ്വീസ് ചാർജ്ജും ഫീസും ഒടുക്കുവാനോ” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) “പ്രസ്തുത അപേക്ഷ” എന്ന വാക്കുകൾക്ക് പകരം, “പ്രസ്തുത അപേക്ഷയും സർവീസ് ചാർജ്ജും ഫീസും” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

“ (2) അദ്ധ്യായം 4 എ-യിൽ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) നിലവിലുള്ള വ്യവസ്ഥയ്ക്ക് മുമ്പായി "10 എ. സംയുക്ത ലൈസൻസ് റദ്ദു ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമം.—" എന്ന അക്കവും അക്ഷരവും വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) "സംബന്ധിച്ച" എന്ന വാക്കിനുപകരം "സംബന്ധിച്ചോ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(3) 17-ാം ചട്ടം (1)-ാം ഉപചട്ടത്തിൽ,—

(എ) "സർവീസ് ചാർജ്ജ് നൽകുമ്പോൾ" എന്ന വാക്കുകൾക്ക് പകരം "സർവീസ് ചാർജ്ജും ആക്റ്റിലെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് എന്നിവ പ്രകാരമുള്ള ഫീസും നൽകുമ്പോൾ" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) "സർവീസ് ചാർജ്ജായി" എന്ന വാക്കുകൾക്ക് പകരം "സർവീസ് ചാർജ്ജും ഫീസും ആയി " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) "സർവീസ് ചാർജ്ജ് സംബന്ധിച്ച്" എന്ന വാക്കുകൾക്ക് പകരം "സർവീസ് ചാർജ്ജും ഫീസ് എന്നിവ സംബന്ധിച്ച്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(4) ഫാറങ്ങളുടെ ഭേദഗതി,—

(എ) ഫാറം എ-യിൽ, "II ഭൂമി സംബന്ധമായ വിശദാംശങ്ങൾ" എന്നതിന് കീഴിൽ (ബി) ഇനത്തിൽ, "സംരംഭം" എന്ന വാക്കിനു പകരം "വ്യവസായ സ്ഥാപനം" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ബി) ഫാറം സി-യിൽ,—

(i) "സംരംഭം സ്ഥാപിക്കുന്നതിലേക്ക്" എന്ന വാക്കുകൾക്ക് പകരം "വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) "വകുപ്പ് ഏജൻസിയിൽ നിന്നും ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്" എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "വകുപ്പ്/ഏജൻസിയിൽ നിന്നും ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്/അവയുടെ പുതുക്കൽ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(iii) "കാണുന്നപക്ഷം കരുതപ്പെട്ടതായി കരുതുന്ന" എന്ന വാക്കുകൾക്ക് പകരം, "കാണുന്നപക്ഷം നൽകപ്പെട്ടതായി കരുതുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) "ഉണ്ടായിരിക്കുന്നതും അപേക്ഷകന് മേൽ വകുപ്പുകൾ പ്രകാരമുള്ള പിഴ ചുമത്താവുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം "ഉണ്ടായിരിക്കുന്നതും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള പിഴ അപേക്ഷകന് മേൽ ചുമത്താവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) "ഈ സാക്ഷ്യപത്രം ഇന്നേ ദിവസം --- ൽ നൽകപ്പെട്ടിരിക്കുന്നു" എന്ന വാക്കിനും ചിഹ്നത്തിനുംശേഷം അതിനുകീഴിലായി താഴെപ്പറയുന്ന വാക്കുകളും ചിഹ്നങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്, അതായത്:—

" (സീൽ)

പേര്,

ഉദ്യോഗപ്പേര്,

.....വ്യവസായ പ്രദേശ ബോർഡ്

..... ജില്ലാ ബോർഡ്/സംസ്ഥാന ബോർഡ്".

ഗവർണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.,
അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2000-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ചട്ടങ്ങൾ മേയ് 12-ാം തീയതിയിലെ സ.ഉ. (അച്ചടി) 69/2000/വ്യവ. ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും 2000 മേയ് 15-ാം തീയതിയിലെ 881-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 400/2000 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ചട്ടങ്ങളെ ഭേദഗതി ചെയ്തുകൊണ്ട്, 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങൾ 2021 ഫെബ്രുവരി 16-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 4/2021/വ്യവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2021 മാർച്ച് 26-ാം തീയതിയിലെ 1299-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 312/2021 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

പ്രസ്തുത ഭേദഗതി ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് എം.എൽ.എ. നിർദ്ദേശിച്ച പ്രസ്തുത ഭേദഗതികളിൽ സഭ അംഗീകരിച്ച ഭേദഗതികൾക്കനുസൃതമായി പ്രസ്തുത ചട്ടങ്ങങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.21 08:13:05 +05:30